# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലില ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P11/1757/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലില ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P11/1757/2023 തീയ്യതി: 02/11/2023

## കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സിന്ധു റ്റി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ അനീഷ് വി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റജിന എ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി താര.എ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ജി.എസ്. സുനിത | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അജിത കുമാരി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ശ്രീ. വർഗ്ഗീസ് മൈക്കിൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. സറോൺ ജോസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ആശ. സി.ആർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജാമോൾ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. സോഫി.ആർ.ദാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-01-2023 |
| ഡോ. ആമിന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-02-2023 | 31-03-2023 |
| ശ്രീമതി ഹസീന | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീലക്ഷ്മി | അസി. എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് | 01-04-2022 | 31-03-2023 |
| ശ്രീ.സതീഷ് ചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീമതി ഷമീല ബീവി ഇ | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2022 | 31-03-2023 |
| ശ്രീമതി ദീപശ്രീ | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ. ലിജു ജോൺ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-10-2022 |
| ശ്രീമതി ദീപ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-11-2022 | 31-01-2023 |
| ശ്രീമതി രേഖ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-02-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വികസന ഫണ്ട് എസ്.സി.പി ചെലവ് തുക - സുലേഖ സ്റ്റേറ്റ്മെന്റും, വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | KURDFC Loan Outstanding Balance - ലോൺ രജിസ്റ്റർ, വാർഷിക കണക്ക് പ്രകാരമുള്ള ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം. | 1-1-5 |
| 7 | ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ഗുണഭോക്താക്കളുടെ മരണശേഷവും 1,72,600/-രൂപ പെൻഷൻ നൽകി. | 1-7-2 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | കെട്ടിടനികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല. | 1-11 |
| 19 | നിലവിലുള്ള കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല. | 1-12 |
| 20 | പച്ചക്കറി കൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് വളം വാങ്ങി വിതരണം ചെയ്തു. | 1-13 |
| 21 | ലാബ് നവീകരണം - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-14 |
| 22 | അലോപ്പതി മരുന്നുകൾ പൂർണമായും ലഭ്യമായില്ല. | 1-15 |
| 23 | ഹോമിയോ ആയുർവ്വേദ മരുന്നുകൾ പൂർണമായും ലഭ്യമായില്ല. | 1-16 |

| | | |
|---|---|---|
| 24 | കരാർ തുകയിൽ അധികമായി 11,440/-രൂപ അനുവദിച്ചു. ചെലവ് നിരാകരിക്കുന്നു. | 1-17 |
| 25 | MCF ലേക്ക് പ്ലാസ്റ്റിക് വേസ്റ്റ് നീക്കം ചെയ്യൽ - ക്വട്ടേഷൻ ക്ഷണിക്കാതെ 1,13,625/-രൂപ വാഹനവാടക അനുവദിച്ചു. | 1-18 |
| 26 | മരാമത്ത് - കരാർ പ്രവൃത്തികൾക്ക് ചട്ടപ്രകാരം ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല. | 1-19 |
| 27 | മിനിമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-20 |
| 28 | പൊതു ടാപ്പ് കണക്ഷൻ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |
| 29 | വസ്തുനികുതി പരിഷ്കരണം - 2023-24 | 1-22 |
| 30 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-23 |
| 31 | തനതുവരുമാന വർദ്ധനവ് - സേവന ഉപനികുതി ഈടാക്കാവുന്നതാണ്. | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കരാർ തുകയിൽ അധികമായി 11,440/-രൂപ അനുവദിച്ചു. ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | പച്ചക്കറി കൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് വളം വാങ്ങി വിതരണം ചെയ്തു. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ മേലില ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 01.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 01.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പു വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലില ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

#### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

#### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 84,86,711/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A - 40 B) = 35,29,331/-രൂപ

വ്യത്യാസം = 49,57,380/-രൂപ

### 1-1-3 വികസന ഫണ്ട് എസ്.സി.പി ചെലവ് തുക - സുലേഖ സ്റ്റേറ്റ്മെന്റും, വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് എസ്.സി.പി ലൈഫ് ലോൺ തിരിച്ചടവ് ഗഡു തുകയായ 3,61,812/-രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സുലേഖ പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ 3,61,812/-രൂപയുടെ വ്യത്യാസം കാണുന്നു.

### 1-1-4 KURDFC Loan Outstanding Balance - ലോൺ രജിസ്റ്റർ, വാർഷിക കണക്ക് പ്രകാരമുള്ള ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B5-Secured Loan – KURDFC Loan From KURDFC Outstanding Balance ആയി ഉൾപ്പെട്ടിട്ടുള്ളത് 1,75,91,500/-രൂപയാണ്. വികസന ഫണ്ട് എസ്.സി.പി ലൈഫ് ലോൺ തിരിച്ചടവ് തുകയായ 3,61,812/-രൂപ കുറവ് ചെയ്തിട്ടില്ല. ആയതിനാൽ നിലവിലെ Outstanding Balance 1,72,29,688/-രൂപയാണ്.

### 1-1-5 CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം.

CFC ഫണ്ട് നീക്കിയിരിപ്പ് (Tied) B4 ഷെഡ്യൂൾ പ്രകാരം 44,66,309/-രൂപയും സ്ഥാപനത്തിലെ കണക്കുകൾ പ്രകാരം 44,66,021/-രൂപയുമാണ്. 18/- രൂപയുടെ വ്യത്യാസമുണ്ട്. പദ്ധതി നം.52/23 ൽ Retension തുകയായ 31/-രൂപയ്ക്ക് പകരം 13/-രൂപയാണ് ഡിഡക്ഷനായി ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-6 ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളായി ജില്ലാ പഞ്ചായത്ത് വിഹിതം 3,395/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 7,54,313/-രൂപയും ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. അവ നിക്ഷേപിച്ചിരിക്കുന്ന ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നീക്കിയിരിപ്പില്ല.

### 1-2 ബജറ്റ്

25-02-2022 ലെ 1/1 നം. തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17-03-23 ലെ 1/1 നം. തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,52,86,123/-രൂപ |
| വരവ് | 4,04,88,661/-രൂപ |
| ആകെ | 6,57,74,784/-രൂപ |
| ചെലവ് | 3,69,59,330/-രൂപ |
| നീക്കിയിരിപ്പ് | 2,88,15,454/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 894/- |
| ചെലവിനങ്ങളിലുള്ള നഷ്ടം | 34,103/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,62,349/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി

അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16308000/- | 16308000/- | 14428774/- | 1879226/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10005000/- | 10005000/- | 8098341/- | 1906659/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ട്രഷറി | 0 | 2266082/- | 2266082/- | 1452530/- | 813552/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ട്രഷറി | 0 | 518520/- | 518520/- | 518520/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 3031000/- | 3885000/- | 6916000/- | 2449979/- | 4466021/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക് | 364791/- | 2590000/- + 146392/- (പലിശ) | 3101183/- | 2796742/- | 304441/- |
| മെയിന്റനൻസ്, റോഡ് | 0 | 13684000/- | 13684000/- | 8510792/- | 5173208/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5166000/- | 5166000/- | 4328206/- | 837794/- |
| | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MGNREGS | 4097/- | 1088469/- | 1092566/- | 0 (ചെലവ് അഡ്വാൻസ് ഹെഡിൽ (1364540/-) ഉൾപ്പെടുത്തിയിട്ടുണ്ട്) | 1092566/- |
| ശുചിത്വമിഷൻ | 1916101/- | 0 | 1916101/- | 1033000/- | 883101/- |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 45021/- | 1231226/- | 1276247/- | 435002/- | 841245/- |
| TSC | 1277749/- | 73853/- | 1351602/- | 0 | 1351602/- |
| മഴക്കാല പൂർവ്വശുചീകരണം | 0 | 150000/- | 150000/- | 150000/- | 0 |
| Health Grant Diagnostic Infrastructure To PHC | 0 | 182676/- | 182676/- | 179657/- | 3019/- |
| Health Grant Conversion Of PHC And Subcenters | 0 | 55992/- | 55992/- | 55200/- | 792/- |
| Other Grant | 20000/- | 0 | 20000/- | 0 | 20000/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സംസ്ഥാനാവിഷ്കൃതം | 1050000/- | 4150000/- | 5200000/- | 3100000/- | 2100000/- |

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും, നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 15,17,75,589/- | 142 | 5,57,01,275/- | 65 | 57 | 71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ MGNREGA A/c | 4,097/- | 10,88,469/- | 10,92,566/- | 0/- | 10,92,566/- |
| ഭരണചെലവുകൾ തനത് ഫണ്ട് (അഡ്വാൻസ്) | 0 | 0 | 0 | 13,64,540/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2,70,40,457/- | 2,70,40,457/- | 2,70,40,457/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14,51,600/- |
| വിധവാപെൻഷൻ | 1,07,54,000/- |
| വാർദ്ധക്യകാലപെൻഷൻ | 1,88,46,400/- |

| | |
|---|---|
| വികലാംഗപെൻഷൻ | 37,14,400/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 3,46,200/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000/- |
| തൊഴിലില്ലായ്മ വേതനം | 24,960/- |

1-7-2 ഗുണഭോക്താക്കളുടെ മരണശേഷവും 1,72,600/-രൂപ പെൻഷൻ നൽകി.

2022-23 വർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങൾ സേവന പെൻഷൻ പോർട്ടലുമായി ഒത്തുനോക്കി പരിശോധിച്ചതിൽ മരണ വിവരം ബന്ധപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്ന സ്ഥാപനങ്ങളെ/അതോറിറ്റികളെ അറിയിക്കുന്നതിലെ കാലതാമസം നിമിത്തം മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണമടഞ്ഞ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 1,72,600/-രൂപയാണ് ഇപ്രകാരം വിതരണം ചെയ്തത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. മേലില ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിലെ കാലതാമസം നിമിത്തം 52,000/-രൂപ വിതരണം ചെയ്തു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി/ രജിസ്ട്രേഷൻ നം | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക(രൂപ) |
|---|---|---|---|---|---|---|
| 1 | ജേക്കബ് ഡി | വാർദ്ധക്യകാല പെൻഷൻ | 103190200757 | 21/03/2023 59/2023 | 04/2023 | 1,600/- |
| 2 | പൊടിയൻ കെ | വാർദ്ധക്യകാല പെൻഷൻ | 103190200390 | 23/02/2023 49/2023 | 03/2023-04/2023 1600*2 | 3,200/- |
| 3 | പ്രസന്ന സി | വാർദ്ധക്യകാല പെൻഷൻ | 103190200943 | 19/02/2023 41/2023 | 03/2023-04/2023 1600*2 | 3,200/- |
| 4 | രാജൻ ജി | വാർദ്ധക്യകാല പെൻഷൻ | 103190201660 | 10/07/2022 102/2022 | 08/2022 | 1,600/- |
| 5 | എം.ആർ.തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ | 103190200096 | 02/07/2022 94/2022 | 08/2022 | 600/- |
| 6 | ബാലൻ എം എസ് | വാർദ്ധക്യകാല പെൻഷൻ | 103190202145 | 08-07-2022 100/2022 | 08/2022-09/2022 1600*2 | 3,200/- |
| 7 | ഡാനിയൽ.കെ | കർഷക തൊഴിലാളി പെൻഷൻ) | 103190100121 | 11-08-2022 128/2022 | 09/2000 | 1,600/- |
| 8 | രവീന്ദ്രൻ | വാർദ്ധക്യകാല പെൻഷൻ | 103190202213 | 11-07-2022 135/2022 | 08/2022- 09/2022 | 3,200/- |
| 9 | ബാലകൃഷ്ണൻ കെ | വാർദ്ധക്യകാല പെൻഷൻ | 103190200257 | 02-02-2022 30/2022 | 03-2022 05/2022 600*3 | 1,800/- |

| | | | | | | |
|---|---|---|---|---|---|---|
| 10 | ബേബി റ്റി.ജെ | വാർദ്ധക്യകാല പെൻഷൻ | 103190200953 | 10/06/2022 83/2022 | 07/2022-09/2022 1600*3 | 4,800/- |
| 11 | അന്നമ്മ കെ | വാർദ്ധക്യകാല പെൻഷൻ | 103190201591 | 29/10/2022 162/2022 | 11/2022-06/2023 1600*8 Pension Status Active | 12,800/- |
| 12 | കുര്യാക്കോസ് കെ | വാർദ്ധക്യകാല പെൻഷൻ | 103190201590 | 07/09/2022 168/2022 | 10/2022-06/2023 1600*9 Pension Status Active | 14,400/- |
| | | | | | | 52,000/- |

2. മേലില കൃഷി ഭവനിൽ നിന്നും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിലെ കാലതാമസം നിമിത്തം 40,000/-രൂപ വിതരണം ചെയ്തു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | വർഗ്ഗീസ് എം | Karshaka Pension For Small And Marginal Farmers | 2220039354 | 02-07-2022 98/2022 | 08/2022 - 04/2023 11*1600 Pension Status Active 05/2023, 06/2023 Pension Amount Transferred To Bank | 14,400/- |
| 2 | കെ കെ ജോൺ | Karshaka Pension For Small And Marginal Farmers | 2220312103 | 12-02-2022 26/2022 | 03/2022-04/2022 | 3,200/- |
| 3 | കുഞ്ഞികുഞ്ഞ് എം | | 2220039088 | 27-05-2022 80/2022 | 06/2022-04/2023 1600*11 Pension Status | 17,600/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | Active 05/2023, 06/2023 Pension Amount Transferred To Bank | |
| 4 | അലക്സാണ്ടർ പി ജെ | | 2220039113 | 27/11/2022 | 12/2022-02/2023 1600*3 | 4,800/- |
| | | | | | | 40,000/- |

3. മറ്റ് തദ്ദേശ സ്ഥാപനങ്ങൾ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിലെ കാലതാമസം നിമിത്തം 80,600/-രൂപ വിതരണം ചെയ്തു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം/ സ്ഥലം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | സരോജിനി | വാർദ്ധക്യകാല പെൻഷൻ വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് | 103180201720 | 28/02/2023 | 03/2023-06/2023 600*4 Pension Status Active | 2,400/- |
| 2 | ശോശാമ്മ പണിക്കർ | വാർദ്ധക്യകാല പെൻഷൻ ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് | 103590201692 | 20/01/2023 | 02/2023-06/2023 600*5 Pension Status Active | 3,000/- |
| 3 | ബാലൻ. വി | വാർദ്ധക്യകാല പെൻഷൻ മൈലം ഗ്രാമ പഞ്ചായത്ത് | 103200202849 | 26/06/2022 | 07-2022-06-2023 12*1600 Pension Status Active | 19,200/- |
| 4 | സരസ്സമ്മ | കർഷക തൊഴിലാളി പെൻഷൻ ഗ്രാമ പഞ്ചായത്ത് | 103240100871 | 10/12/2021 | 01/2022-06/2023 18*1600 Pension Status Active | 28,800/- |

| | | | | | | |
|---|---|---|---|---|---|---|
| 5 | സരസമ്മ | വാർദ്ധക്യകാല പെൻഷൻ അടൂർ മുനിസിപ്പാലിറ്റി | 101780200775 | 25/04/2022 | 05/2022-11/2022 7*1600 | 11,200/- |
| 6 | കുഞ്ഞമ്മ പാപ്പച്ചൻ | വാർദ്ധക്യകാല പെൻഷൻ ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് | 103170201808 | 16/11/2022 | 12/2022 -02/2023 1600*3 Pension Status Active Bank Account Closed | 4,800/- |
| 7 | സാവിത്രി | വാർദ്ധക്യകാല പെൻഷൻ ചടയമംഗലം ഗ്രാമ പഞ്ചായത്ത് | 103670600211 | 12/11/2022 | 12/2022-06/2023 1600*7 Pension Status Active | 11,200/- |
| | | | | | | 80,600/- |

മരണമടഞ്ഞവരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത പെൻഷൻ തിരികെ ഈടാക്കേണ്ടതാണ്. പെൻഷൻ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 06/2022-23

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2023 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,379/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.
നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികളും, പരിശോധനകളും ക്രമപ്രകാരം നടത്തുന്നതിന്റെ രേഖകളില്ല. മരാമത്ത് - കരാർ പ്രവൃത്തികൾക്ക് ചട്ടപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല.
ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.
പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന്

കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. 2022-23 ൽ നടപ്പിൽവരുത്തുന്നതിനായി വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയിരുന്ന 102 മരാമത്ത് പ്രവൃത്തികളിൽ 57 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതിൽതന്നെ 28 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. നടപ്പിലാക്കാത്ത പദ്ധതികളുടെ കൂട്ടത്തിൽ സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നുവെന്നതും ശ്രദ്ധേയമാണ്. പദ്ധതികൾ സ്പിൽഓവർ ആകുന്നതിന്റെ കാരണം ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ മിതവ്യയം കണക്കിലെടുത്തിട്ടുണ്ട് എന്നും, ആരംഭിച്ച പദ്ധതികളിൽ സമയക്ലിപ്തത പാലിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

നിക്ഷേപപ്രവൃത്തികൾക്കായി സാമൂഹ്യ സുരക്ഷാ മിഷൻ, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് അവശ്യ മരുന്നുകളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ ഉയർത്തുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ കൃത്യമായ നികുതി നിർണ്ണയവും പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്.

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതികളിൽ വിത്തുകളും, തൈകളും, വളങ്ങളും വാങ്ങുമ്പോൾ വാങ്ങുന്ന ഇനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താത്ത ഇൻവോയ്സ്/ബില്ലുകൾക്കാണ് തുക മാറി നൽകുന്നത്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.

മേൽ പരാമർശ വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2022 | 7/2022-09/2022 | 10.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2018 - 22.03.2018 | 2012-13 To 2016-17 | 10.05.2018 |

## 1-11 കെട്ടിടനികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല.

ശ്രീ.അനിൽ തോമസ്, പൂന്തോട്ടത്ത് പുത്തൻവീട്, എന്ന വ്യക്തിയുടെ വാണിജ്യ കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് 14/712, 14/713, 14/714, 14/715 എന്നീ നമ്പറുകൾ 2022 ആദ്യപകുതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കടമുറികൾക്കൊപ്പം 14.93 ചതുരശ്ര മീറ്ററുള്ള സ്റ്റെയർ റൂം കൂടി നിലവിലുണ്ട്. ആയതിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി Rs.50/m2 | 14.93*50 = 747/- |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | 149/- |
| | 747 + 149 = 896/- |
| ഒന്നാംനില 5% ഇളവ് | 851/- |
| 5% LC | 43/- |
| ആകെ | 894/- |

മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ അപാകതകയ്ക്ക് വിശദീകരണം

ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/29.09.2023

വരവ് നഷ്ടം - 894/-രൂപ

1-12 നിലവിലുള്ള കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല.

1) ശ്രീ. രാജൻ അമ്പാടി, പുലമൺ എന്ന വ്യക്തിയുടെ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 14/719, 14/720 എന്നീ നമ്പറുകൾ അനുവദിച്ചു നൽകി. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിനൊപ്പം 330.8 (312 $M^2$ + 18.8 $M^2$ Toilet) ചതുരശ്ര മീറ്ററിലുള്ള ഒരു എക്സിസ്റ്റിംഗ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട്. കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ 14/591 (2014 1st Half നികുതി നിർണയിച്ചത് – ഗണം-വാണിജ്യാവശ്യം) 23.55 ചതുരശ്ര മീറ്റർ, 14/629 (2016 1st Halfനികുതി നിർണയിച്ചത് - ഗണം -ഇതരവ്യവസായം) ചേർത്ത് 203.84 ചതുരശ്ര മീറ്റർ എന്നീ കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 103.41 ചതുരശ്ര മീറ്ററിന് നികുതി നിർണ്ണയിച്ചിട്ടില്ല.

2) ശ്രീ. അനിൽ തോമസ്, പൂന്തോട്ടത്ത് പുത്തൻവീട്, എന്ന വ്യക്തിയുടെ വാണിജ്യകെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് 14/712, 14/713, 14/714, 14/715 എന്നീ നമ്പറുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാനിൽ (14/479) 326.82 (194.57 GF + 132.25 FF) ചതുരശ്ര മീറ്ററുള്ള എക്സിസ്റ്റിങ് റസിഡൻസ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട്. എക്സിസ്റ്റിങ് ബിൽഡിംഗിന്റെ നികുതി വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ 140 ചതുരശ്ര മീറ്ററിന് മാത്രമേ നികുതി നിർണയിച്ചിട്ടുള്ളൂ. 186.82 ചതുരശ്ര മീറ്ററിന് നികുതി നിർണ്ണയിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് എം.എസ് നമ്പർ 358/15 തസ്വഭവ തീയതി 16.12.2015 പ്രകാരം വസ്തുനികുതി പരിഷ്കരണത്തിനു ശേഷം കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പുതിയകെട്ടിടമായി പരിഗണിച്ച് കൂട്ടിച്ചേർത്ത് ഭാഗത്തിനു പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ ഉണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സ്ഥലപരിശോധന നടത്തി കൃത്യമായി ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/29.09.2023

1-13 പച്ചക്കറി കൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് വളം വാങ്ങി വിതരണം ചെയ്തു.

പച്ചക്കറി കൃഷി വികസനം പദ്ധതിയിൽ പച്ചക്കറി വിത്ത് 100% സബ്സിഡിയിലും ജൈവ വളം, ഡോളോ മൈറ്റ് എന്നിവ 75% സബ്സിഡിയിലും നൽകുന്നതിനായി KAICO കൊട്ടാരക്കരയിൽ നിന്നും ജൈവ വളം 35/-രൂപ നിരക്കിൽ 13734.4 Kg, ഡോളോമൈറ്റ് 12.5/-രൂപ നിരക്കിൽ 15033.4 Kg, എന്നിവയും വെജിറ്റബിൾ സീഡ് കിറ്റ് 200/-രൂപ നിരക്കിൽ 300 എണ്ണം VFPCK, കൊല്ലത്ത് നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം | പച്ചക്കറി കൃഷി വികസനം പദ്ധതി (156/23) |
| അടങ്കൽ തുക | ₹5,61,600/- (വികസന ഫണ്ട്)<br>₹1,67,200/-(ഗു.ണ വിഹിതം) |
| ചെലവഴിച്ച തുക | ₹5,61,600/- (ബിൽ നം.4/21.1.23) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ് സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.1 പ്രകാരം ജൈവ വളം, ഡോളോമൈറ്റ് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം ഡോളോമൈറ്റിന്റെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 10/-രൂപയാണ്. എന്നാൽ ഈ പദ്ധതിയിൽ KAICO യിൽ നിന്ന് ഡോളോമൈറ്റ് വാങ്ങിയത് 12/-രൂപ നിരക്കിലാണ് (ഇൻവോയ്സ് നം.Q-834/12.1.23). വിശദ വിവരം ചുവടെ ചേർക്കുന്നു.

ഡോളോമൈറ്റ് – 15033.40 Kg @12.51 = 1,79,047/- (5% GST ഉൾപ്പടെ) = 1,88,068/-

അനുവദിച്ച സബ്സിഡി = 75% 0f 1,88,068 = 1,41,051/-

യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം അനുവദനീയമായ നിരക്ക് – 15033.4 @10 + 5% GST = 1,57,851/-

അനുവദനീയമായ സബ്സിഡി നിരക്ക് = 75% 0f 1,57,851 = 1,18,388/-

അധികം അനുവദിച്ച സബ്സിഡി = 1,41,051 - 1,18,388 = 22,663/-

മേൽ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, ഉയർന്ന ലോറി വാടകയും കയറ്റിറക്ക് കൂലിയുമായി വലിയൊരു തുക KAICO ക്ക് ചെലവ് വന്നിട്ടുള്ളതിനാലും ഈ ചെലവ് വസൂലാക്കുവാൻ പദ്ധതിയിൽ വ്യവസ്ഥയില്ലാത്തതിനാലുമാണ് യൂണിറ്റ് കോസ്റ്റ് നിരക്കിനേക്കാൾ അധികം വില ക്വാട്ട് ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചത്.

ഈ മറുപടി പരിഗണനാർഹമല്ലാത്തതിനാൽ അധികമായി അനുവദിച്ച 22,663/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 3/26.9.23

നിരാകരിച്ച തുക – 22,663/-രൂപ

1-14 ലാബ് നവീകരണം - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി മേലില പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ആരോഗ്യ സ്ഥാപനത്തിലെ രോഗം നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം, (പ്രോജക്ട് നമ്പർ 193) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് അലൂമിനിയം ഫേബ്രിക്കേഷൻ വർക്കുകൾ ചെയ്യുന്നതിനായി LSGD എൻജിനീയർ ഐറ്റം നമ്പർ 21.1.1.1.1 ന് (127.291 കിലോഗ്രാം @ 508.42/കിലോഗ്രാം) GST ഉൾപ്പെടെ) 76,400/-രൂപയ്ക്ക് എസ്റ്റിമേറ്റ് (64,717 + 11,683) നൽകിയിരുന്നു. തുടർന്ന് അലൂമിനിയം ഫേബ്രിക്കേഷൻ വർക്കുകൾ നടത്തുന്നതിനായി കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ഏഷ്യാടെക്ക് അലൂമിനിയം & ഫേബ്രിക്കേഷൻ എന്ന സ്ഥാപനത്തിന്റെ 74,000/-രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചു. (മേലില പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 21.3.2023 ലെ 81/2023 നമ്പർ ക്വട്ടേഷൻ അംഗീകരിച്ച തീരുമാനം). വൗച്ചർ നമ്പർ 22201355/31.03.2023 പ്രകാരം 74,000/-രൂപ അനുവദിച്ച് നൽകുകയും ചെയ്തു. എന്നാൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക്, എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രം, എം.ബുക്ക് എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രകാരമുള്ള 74,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പൂർത്തീകരണ സാക്ഷ്യപത്രം, എം.ബുക്ക് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7/29.09.2023
തടസ്സപ്പെടുത്തിയ തുക - 74,000/- രൂപ

1-15 അലോപ്പതി മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി ചെലവഴിച്ചെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | പ്രോജക്റ്റ് അടങ്കൽ | പ്രോജക്റ്റ് ചെലവുതുക (രൂപ) | ബിൽ നം./തീയതി | മരുന്ന വാങ്ങലിനായി നൽകിയ തുക(രൂപ) | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന തുക(രൂപ) |
|---|---|---|---|---|---|
| 5/22-23 മരുന്ന് വാങ്ങൽ | 10,00,000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 10,00,000/- | 8/2022-23/ 10.11.22 | 10,00,000/- | 3,27,702/- |
| 6/22-23 സ്വാന്തന പരിചരണം | 8,00,000/- (വികസനഫണ്ട് ജനറൽ) 2,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 7,58,534/- (വികസനഫണ്ട്) ജനറൽ 2,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 14/22 25.3.2023 | 2,00,000/- | 83,543/- |
| | | | 6/22 10.11.2022 | 2,00,000/- | 39,257/- |
| ആകെ - 4,50,502/- | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രകാരമുള്ള 4,50,502/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7/29.09.2023
തടസ്സപ്പെടുത്തിയ തുക – 4,50,502/-രൂപ

1-16 ഹോമിയോ ആയുർവ്വേദ മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും ഹോംകോ, ഔഷധി എന്നിവയിൽ നിന്നും മരുന്നുകൾ, പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | പ്രോജക്റ്റ് അടങ്കൽ | പ്രോജക്റ്റ് ചെലവുതുക(രൂപ) | ബിൽ നം./തീയതി | മരുന്ന വാങ്ങലിനായി നൽകിയ തുക (രൂപ) | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|
| 1/22-23 | 2,00,000/- | 2,00,000/- | 1/2022-23/ | 2,00,000/- | 97,971/- |

| | | | | | |
|---|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | | 09.12.22 | | |
| 2/22-23 ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ | 5,00,000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5,00,000/- | 2/2022-23/ 09.12.22 | 5,00,000/- | 97,610/- |
| ആകെ - 1,95,581/- | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രകാരമുള്ള 1,95,581/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/26.09.2023

തടസ്സപ്പെടുത്തിയ തുക - 1,95,581/- രൂപ

1-17 കരാർ തുകയിൽ അധികമായി 11,440/-രൂപ അനുവദിച്ചു. ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം – 192/2022-23 (ഹരിത കർമ്മ സേന അനുബന്ധ ചെലവ്)

ഫണ്ട് വകയിരുത്തൽ – വികസന ഫണ്ട് (പൊതു വിഭാഗം)ം – 1,52,500/-, തനത് ഫണ്ട് – 1,47,500/-

ഫണ്ട് വിനിയോഗം – വികസന ഫണ്ട് (പൊതു വിഭാഗം) – 1,52,040/-, തനത് ഫണ്ട് – 1,10,515/-

നിർവഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ (ശ്രീമതി ദീപശ്രീ വി.എസ് )

ഹരിത കർമ്മ സേന ശേഖരിക്കുന്ന ലെഗസി വേസ്റ്റ് സ്വീകരിക്കുന്നതിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Green Tech Echo Consultancy, കൊല്ലം 22-06-22 ന് സമർപ്പിച്ച ക്വട്ടേഷനിൽ കിലോഗ്രാമിന് 5/-രൂപയാണ് ക്വോട്ട് ചെയ്തത്. ഈ ക്വട്ടേഷൻ 05/07/2022 ലെ 9(1) നമ്പർ തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. 05/07/2022 ൽ Green Tech Echo Consultancy യുമായി ഏർപ്പെട്ട കരാറിൽ 2-ാം നമ്പർ ആയി നിരക്ക് സംബന്ധിച്ച മേൽ വ്യവസ്ഥ ഉൾപ്പെടുത്തി. എന്നാൽ പ്രസ്തുത കരാർ തീയതിക്ക് ശേഷം Green Tech Echo Consultancy, സ്വീകരിച്ച ലെഗസി വേസ്റ്റിന് 7/-രൂപ നിരക്കിൽ അനുവദിച്ചത് മൂലം 11,440/- രൂപ അധികം ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം തീയതി, തുക | MAM Weigh Bridge ലെ ബിൽ പ്രകാരം ലെഗസി വേസ്റ്റ് തൂക്കം | | അനുവദിച്ച തുക (രൂപ) | അനുവദിക്കാ മായിരുന്ന തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|
| | തീയതി | തൂക്കം (കി.ഗ്രാം) | | | |
| 14/ 26-12-2022 Rs.52,490/- | 25-09-2022 | 1770 | 40,040/- | 28,600/- | 11,440/- |
| | 03-11-2022 | 1710 | | | |
| | 03-11-2022 | 2240 | | | |
| | ആകെ | 5720 കി.ഗ്രാം | | | |

അധികമായി നൽകിയ 11,440/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക Green Tech Echo Consultancy യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 11,440/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണയിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം – 04/2022-23

നിരാകരിച്ച തുക – 11,440/-രൂപ

1-18 MCF ലേക്ക് പ്ലാസ്റ്റിക് വേസ്റ്റ് നീക്കം ചെയ്യൽ - ക്വട്ടേഷൻ ക്ഷണിക്കാതെ 1,13,625/-രൂപ

വാഹനവാടക അനുവദിച്ചു.

പ്രോജക്ട് നം – 192/2022-23 (ഹരിതകർമ്മ സേന അനുബന്ധ ചെലവ്)

നിർവഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ

മേലില ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾ 15 വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് വേസ്റ്റുകൾ എം.സി.എഫിൽ എത്തിക്കുന്നതിനായി തൻവർഷം ചുവടെ ചേർക്കും പ്രകാരം വാഹന വാടക നൽകിയിട്ടുണ്ട്.

| ബിൽ നം /ചെക്ക്, തീയതി | തുക(രൂപ) | ട്രിപ് ഷീറ്റിൽ രേഖപ്പെടുത്തിയ ആകെ ദൂരം (കി.മീ.) | | നിരക്ക് | തുക(രൂപ) |
|---|---|---|---|---|---|
| ചെക്ക് നം. 300324<br>01-10-2022 | 30,975/- | 24-01-2022 | 180 | 25 | 4,500/- |
| | | 25-01-2022 | 260 | 25 | 6,500/- |
| | | 13-08-2022 | 170 | 25 | 4,250/- |
| | | 15-07-2022 | 103 | 25 | 2,575/- |
| | | 16-07-2022 | 142 | 25 | 3,550/- |
| | | 15-06-2022 | 60 | 25 | 1,500/- |
| | | 14-06-2022 | 152 | 25 | 3,800/- |
| | | 19-05-2022 | 172 | 25 | 4,300/- |
| ചെക്ക് നം. 94216<br>24-03-2022 | 31,450/- | 29-12-2022 | 96 | | 2,350/- |
| | | 30-12-2022 | 120 | 25 | 3,000/- |
| | | 27-12-2022 | 144 | 25 | 3,600/- |
| | | 28-12-2022 | 138 | 25 | 3,450/- |
| | | 23-01-2023 | 128 | 25 | 3,200/- |
| | | 23-01-2023 | 138 | 25 | 3,450/- |
| | | 21-01-2023 | 136 | 25 | 3,400/- |
| | | 21-01-2023 | 124 | 25 | 3,100/- |
| | | 20-01-2023 | 112 | 25 | 2,800/- |
| | | 20-01-2023 | 124 | 25 | 3,100/- |
| ബിൽ നം.<br>14/26-12-2022 | 12,450/- | 22-09-2022 | 164 | 25 | 4,100/- |
| | | 21-09-2022 | 130 | 25 | 3,250/- |
| | | 23-10-2022 | 140 | 25 | 3,500/- |
| | | 24-10-2022 | 64 | 25 | 1,600/- |
| ബിൽ നം.<br>21/07-03-2023 | 38,750/- | 24-10-2022 | 88 | 25 | 2,200/- |
| | | 25-10-2022 | 112 | 25 | 2,800/- |
| | | 12-11-2022 | 148 | 25 | 3,700/- |
| | | 05-12-2022 | 132 | 25 | 3,300/- |
| | | 30-11-2022 | 150 | 25 | 3,750/- |
| | | 26-11-2022 | 196 | 25 | 4,900/- |
| | | 19-11-2022 | 208 | 25 | 5,200/- |
| | | 20-11-2022 | 192 | 25 | 4,800/- |
| | | 25-11-2022 | 186 | 25 | 4,650/- |

| | | | | | |
|---|---|---|---|---|---|
| | | 19-12-2022 | 138 | 25 | 3,450/- |
| ആകെ | 1,13,625/- | | | | |

സ.ഉ(സാ.ധാ.) നം.1496/2020, തീ. 12.08.2020 നമ്പർ പ്രകാരമുള്ള ഹരിതകർമസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം, ഹരിത കർമ്മ സേനയ്ക്ക് വാഹന സൌകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. വാഹനം വാങ്ങി നൽകുകയോ വാടകയ്ക്ക് എടുത്ത് നൽകുകയോ ചെയ്യാവുന്നതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് മേൽപ്രകാരം വാഹനം വാടകയ്ക്ക് എടുത്ത് തുക നൽകിയിട്ടുള്ളത്. കിലോമീറ്ററിന് 25/-രൂപ നിരക്കിൽ തൻവർഷം വാടക നൽകിയിട്ടുണ്ട്. വാടകനിരക്ക് നിശ്ചയിച്ചത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമല്ല. ട്രിപ്പ് ഷീറ്റുകൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2022-23 /27-09-2023) ലഭ്യമാക്കിയ മറുപടിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ വാഹന വാടക നൽകുന്നതിനുള്ള പ്രോജക്ട് പഞ്ചായത്ത് ഏറ്റെടുത്തിരുന്നില്ല എന്നും വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് ആണ് ഉണ്ടായിരുന്നത് എന്നും വാഹനം ലഭിക്കുന്നതിന് കാലതാമസം നേരിടുകയും വാർഡുകളിൽ പ്ലാസ്റ്റിക് മാലിന്യം കെട്ടിക്കിടക്കുകയും ചെയ്തതിനാലാണ് മേൽ വിവരിച്ച പ്രകാരം വാഹന വാടക നൽകിയത് എന്നും മറുപടി ലഭ്യമാക്കി. എന്നാൽ 2022 ജനവരി മുതൽ ഡിസംബർ വരെ 1,13,625/-രൂപ വാഹന വാടക ഇനത്തിൽ ക്വട്ടേഷൻ ക്ഷണിക്കാതെ അനുവദിച്ചത് ചട്ടവിരുദ്ധമാണ്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 മരാമത്ത് - കരാർ പ്രവൃത്തികൾക്ക് ചട്ടപ്രകാരം ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല.

സർക്കാർ ഉത്തരവ് നം.(പി)3/2017/പി.ഡബ്ല്യു.ഡി തീയതി 09-08.2017 (Standard Bidding Documents For Public Works) പാർട്ട് Ii – പൊതു കരാർ നിബന്ധനകൾ 12-1 ൽ കരാറുകാരൻ സമർപ്പിക്കേണ്ട ഇൻഷുറൻസ് സർട്ടിഫിക്കറ്റിനെപ്പറ്റി പരാമർശിക്കുന്നു. ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് ' ലെറ്റർ ഓഫ് അക്സപ്റ്റൻസ് ' നൽകിയിരിക്കുന്നതും. 2022-23 വർഷത്തിൽ നടപ്പിൽ വരുത്തിയ 56 പദ്ധതികളിൽ 29 പദ്ധതികൾ തൻവർഷ പദ്ധതികളാണ്. എന്നാൽ ഒരു പദ്ധതി ഫയലിൽപോലും ഇൻഷുറൻസ് സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. പകരം ചട്ടപ്രകാരം കരാർ തുകയുടെ 0.2% തുക അവസാന ബിൽ തുകയിൽ നിന്നും കുറവുവരുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇതുവഴി കരാറുകാരന് സാമ്പത്തികലാഭം ഉണ്ടാകുന്ന സാഹചര്യമുണ്ട്. അസി.എഞ്ചിനീയറുടെ ഈ നടപടി നിർദ്ദിഷ്ട ചട്ടങ്ങളുടെ അന്തസത്ത ഉൾക്കൊള്ളാത്തതാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത്തരം നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതും എല്ലാ കരാറിനൊപ്പവും നിർദ്ദിഷ്ട തുകയ്ക്കുള്ള ഇൻഷുറൻസ് സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

### 1-20 മിനിമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

കിഴക്കേത്തെരുവ് ജംഗ്ഷൻ മേലില ക്ഷേത്രം ജംഗ്ഷൻ എന്നിവിടങ്ങളിൽ പാനൽ എൻജിനീയർമാർ മുഖേന നടത്തിയ മിനിമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - ഇലക്ട്രിക്കൽ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | കിഴക്കേത്തെരുവ് ജംഗ്ഷൻ മേലില ക്ഷേത്രം ജംഗ്ഷൻ എന്നിവിടങ്ങളിലെ മിനിമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് (നം.210/23) |
| അടങ്കൽ തുക | ₹1,50,000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹1,29,439/- (ബിൽ നം. 22/29.3.23) |

കിഴക്കേത്തെരുവ് ജംഗ്ഷൻ മേലില ക്ഷേത്രം ജംഗ്ഷൻ എന്നിവിടങ്ങളിലെ മിനിമാസ്റ്റ് ലൈറ്റ്

മെയിന്റനൻസിനായി എസ്റ്റിമേറ്റ് തുക 1,22,547/-രൂപയും, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ബില്ല് തയ്യാറാക്കൽ, സാങ്കേതികാനുമതി റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 5,446/-രൂപയും ഉൾപ്പെടെ 1,27,993/-രൂപയാണ് വകയിരുത്തിയിരുന്നത്. ടെണ്ടറിൽ കുറഞ്ഞ നിരക്ക് (0.75% എസ്റ്റിമേറ്റിൽ കുറവ്) രേഖപ്പെടുത്തിയ കരാറുകാരൻ ശ്രീ. സതീഷ്കുമാറിന് കരാർ അംഗീകരിച്ച് നൽകി.

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 0.75% ടെണ്ടർ കുറവ് വരുത്താതെയാണ് ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം – 1,22,546.98/-

കരാറുകാരന് നൽകേണ്ടിയിരുന്ന തുക -

(0.75% നിരക്ക് കുറവ് വരുത്തി) - 1,21,628/- രൂപ

കരാറുകാരന് നൽകിയ തുക – 1,22547/-രൂപ

അധികം നൽകിയ തുക - 919/-രൂപ

ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 919/-രൂപ 29.9.23 ലെ രസീത് നം.1230101609 പ്രകാരം ഒടുക്കു വരുത്തിയിട്ടുണ്ട് എന്നറിയിച്ചു.

കൂടാതെ തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ. ഉത്തരവിൽ ഗ്രാമപഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ് എന്നും ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുത്ത് പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.
രേഖകൾ പരിശോധിച്ചതിൽ ഈ പ്രവൃത്തിക്ക് പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 01/29.5.23

1-21 പൊതു ടാപ്പ് കണക്ഷൻ വിഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | പൊതുടാപ്പ് കണക്ഷൻ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറൽ (215/23) |
| അടങ്കൽ തുക | ₹2,42,466/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹2,42,466/- (ബിൽ നം. 6/17.12.22) |

പൊതു ടാപ്പ് കണക്ഷൻ വിഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ പദ്ധതിയിൽ വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ കൊട്ടാരക്കരയുടെ 9.11.22 തീയതിയിലെ DB3/EST എസ്റ്റിമേറ്റ് പ്രകാരം 2,42,466/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ സെന്റേജ് ചാർജ്ജിനത്തിൽ 11.02% വകയിരുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സാധാ നം. 1069/2018 തസ്വഭവ

തീയതി 16.4.2018 പ്രകാരം കേരള വാട്ടർ അതോറിറ്റി നടത്തി വരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള 12.5% സെന്റേജ് ചാർജ്ജിൽ 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല എന്ന് ഉത്തരവായിട്ടുണ്ട്.

എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജിനത്തിൽ അധികം തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് തുക - 1,87,929.52/- രൂപ

മേൽ ഉത്തരവ് പ്രകാരം അനുവദനീയമായ സെന്റേജ് ചാർജ്ജ് 10% നിരക്കിൽ – 18,792.9/-രൂപ

സെന്റേജ് ചാർജ്ജിനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക 11.02% - 20,709.83/- രൂപ

അധികം കണക്കാക്കിയിട്ടുള്ള തുക – 20,709.83 – 18,792.9 = 1916.93/-രൂപ

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് PRICE 3 സോഫ്റ്റ് വെയർ പ്രകാരം 11.02% ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നാണ്.

മേൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് സംബന്ധിച്ച് വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 2,42,266/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 1/25.9.23

തടസ്സപ്പെടുത്തിയ തുക - 2,42,266/-രൂപ

## 1-22 വസ്തുനികുതി പരിഷ്കരണം - 2023-24

സ.ഉ(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

കൂടാതെ 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 25/4/2023 തീയതിയിലെ 1 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 10/07/2023 തീയതിയിലെ ഭരണസമിതി യോഗത്തിന്റെ 2 (1) നമ്പർ തീരുമാനപ്രകാരം മേഖല അടിസ്ഥാനത്തിലുള്ള റോഡിന്റെ തരംതിരിവ്, നികുതി വർദ്ധനവ് എന്നിവ അന്തിമ വിജ്ഞാപനം നടത്തി പ്രസിദ്ധീകരിക്കുകയും സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തി നികുതി നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം 9/29.09.2023

## 1-23 ഹരിതകർമസേന - പ്രവർത്തന അവലോകനം

മേലില ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 7027 കുടുംബങ്ങളും 689 സ്ഥാപനങ്ങളുമുള്ളതായി

രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 21936 (2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ നിലവിൽ 15 വാർഡുകളിലായി, ഓരോ വാർഡിലും 2 ഹരിതകർമ്മ സേനാംഗങ്ങൾ വീതം, 30 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 10 മുതൽ 20 വരെയുള്ള തീയതികളിൽ നിശ്ചിത കലണ്ടർ പ്രകാരം, അജൈവ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. 11/22 മുതൽ IRTC യുടെ നേതൃത്വത്തിൽ ക്ലസ്റ്റർ ആയി സേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രീൻടെക് എക്കോ കൺസൾട്ടൻസി എന്ന സ്വകാര്യ ഏജൻസിക്കാണ് കൈമാറുന്നത്. ചേത്തടി വാർഡിൽ നിലവിൽ ഒരു എം.സി.എഫ് മാത്രമാണുള്ളത്. ഇവിടെ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഇത് പ്രവർത്തനക്ഷമമല്ല. എല്ലാ വാർഡുകളിലും നിലവിൽ മിനി എം.സി.എഫ് സ്ഥാപിച്ചിട്ടില്ല.

യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ഇന്ത്യൻ ബാങ്ക് ചെങ്ങമനാട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 7,000/- രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, എല്ലാവർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, സേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നത് പരിഗണിക്കേണ്ടതാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 ൽ 1 ആൾക്ക് ചട്ടലംഘനത്തിന് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും 25,000/-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, കുട, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ഇനോക്കുലം വിതരണവും നടത്തുന്നു. ഹരിതകർമ്മസേനയ്ക്ക് ഒരു ഇലക്ട്രിക് ഓട്ടോ വാങ്ങി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രാധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കി. മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം ഒരു ഹെൽപ്ഡെസ്ക് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

| ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23 | | | | |
|---|---|---|---|---|
| മാസം | യൂസർ ഫീ (രൂപ) | നൽകിയ വേതനം (രൂപ) | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg) | കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg) |
| ഏപ്രിൽ | 88,880/- | 79,992/- | 6000 | 4679.8 |
| മെയ് | 81,450/- | 73,305/- | 4500 | 2310 |

| | | | | |
|---|---|---|---|---|
| ജൂൺ | 1,01,100/- | 90,990/- | | |
| ജൂലൈ | 11,11,520/- | 1,00,368/- | 7900 | 9270 |
| ആഗസ്റ്റ് | 1,08,450/- | 97,605/- | 3000 | 1134 |
| സെപ്റ്റംബർ | 1,07,450/- | 96,705/- | 4500 | 4217 |
| ഒക്ടോബർ | 1,19,990/- | 1,07,991/- | 6800 | 2604 |
| നവംബർ | 1,34,790/- | 1,21,311/- | 6000 | 5157 |
| ഡിസംബർ | 1,29,520/- | 1,16,568/- | 6000 | 5128 |
| ജനവരി | 1,38,750/- | 1,24,875/- | 6500 | 5658 |
| ഫെബ്രുവരി | 1,38,690/- | 1,24,821/- | 12000 | 12585 |
| മാർച്ച് | 1,50,000/- | 1,35,000/- | 7000 | 6040 |

നിർദ്ദേശങ്ങൾ

1. വ്യാപാരി വ്യവസായികളും മറ്റും ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി ഹരിതമിത്രം ആപ്പിൽ വ്യത്യസ്ത നിരക്കിൽ യൂസർഫീ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും.

2. പഞ്ചായത്തിൽ നിലവിൽ ഒരു ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത് പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

1-24 തനതുവരുമാന വർദ്ധനവ് - സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിട ഉടമകളും പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി പിരിക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് ചട്ടം 27 പ്രകാരമുള്ള നിരക്കിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കെ.പി.ആർ. ആക്ട് 207 (1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവിന്റെ സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുന്നില്ല. കൂടാതെ വരുമാന വർദ്ധനവത്തിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. ആയതിനാൽ സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണസമിതി അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ തുകയിൽ അധികമായി 11,440/-രൂപ അനുവദിച്ചു. ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം – 192/2022-23 (ഹരിത കർമ്മ സേന അനുബന്ധ ചെലവ്)
ഫണ്ട് വകയിരുത്തൽ – വികസന ഫണ്ട് (പൊതു വിഭാഗം)ം – 1,52,500/-, തനത് ഫണ്ട് – 1,47,500/-
ഫണ്ട് വിനിയോഗം – വികസന ഫണ്ട് (പൊതു വിഭാഗം) – 1,52,040/-, തനത് ഫണ്ട് – 1,10,515/-

നിർവഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ (ശ്രീമതി ദീപശ്രീ വി.എസ് )

ഹരിത കർമ്മ സേന ശേഖരിക്കുന്ന ലെഗസി വേസ്റ്റ് സ്വീകരിക്കുന്നതിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Green Tech Echo Consultancy, കൊല്ലം 22-06-22 ന് സമർപ്പിച്ച ക്വട്ടേഷനിൽ കിലോഗ്രാമിന് 5/-രൂപയാണ് ക്വോട്ട് ചെയ്തത്. ഈ ക്വട്ടേഷൻ 05/07/2022 ലെ 9(1) നമ്പർ തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. 05/07/2022 ൽ Green Tech Echo Consultancy യുമായി ഏർപ്പെട്ട കരാറിൽ 2-ാം നമ്പർ ആയി നിരക്ക് സംബന്ധിച്ച മേൽ വ്യവസ്ഥ ഉൾപ്പെടുത്തി. എന്നാൽ പ്രസ്തുത കരാർ തീയതിക്ക് ശേഷം Green Tech Echo Consultancy, സ്വീകരിച്ച ലെഗസി വേസ്റ്റിന് 7/-രൂപ നിരക്കിൽ അനുവദിച്ചത് മൂലം 11,440/- രൂപ അധികം ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം തീയതി, തുക | MAM Weigh Bridge ലെ ബിൽ പ്രകാരം ലെഗസി വേസ്റ്റ് തൂക്കം | | അനുവദിച്ച തുക (രൂപ) | അനുവദിക്കാമായിരുന്ന തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|
| | തീയതി | തൂക്കം (കി.ഗ്രാം) | | | |
| 14/ 26-12-2022 Rs.52,490/- | 25-09-2022 | 1770 | 40,040/- | 28,600/- | 11,440/- |
| | 03-11-2022 | 1710 | | | |
| | 03-11-2022 | 2240 | | | |
| | ആകെ | 5720 കി.ഗ്രാം | | | |

അധികമായി നൽകിയ 11,440/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക Green Tech Echo Consultancy യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 11,440/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണയിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം – 04/2022-23
നിരാകരിച്ച തുക – 11,440/-രൂപ

### 3-2 പച്ചക്കറി കൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് വളം വാങ്ങി വിതരണം ചെയ്തു.

പച്ചക്കറി കൃഷി വികസനം പദ്ധതിയിൽ പച്ചക്കറി വിത്ത് 100% സബ്സിഡിയിലും ജൈവ വളം, ഡോളോ മൈറ്റ് എന്നിവ 75% സബ്സിഡിയിലും നൽകുന്നതിനായി KAICO കൊട്ടാരക്കരയിൽ നിന്നും ജൈവ വളം 35/-രൂപ നിരക്കിൽ 13734.4 Kg, ഡോളോമൈറ്റ് 12.5/-രൂപ നിരക്കിൽ 15033.4 Kg, എന്നിവയും വെജിറ്റബിൾ സീഡ് കിറ്റ് 200/-രൂപ നിരക്കിൽ 300 എണ്ണം VFPCK, കൊല്ലത്ത് നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | പച്ചക്കറി കൃഷി വികസനം പദ്ധതി (156/23) |
| അടങ്കൽ തുക | ₹5,61,600/- (വികസന ഫണ്ട്)<br>₹1,67,200/-(ഗ്ര.ണ വിഹിതം) |
| ചെലവഴിച്ച തുക | ₹5,61,600/- (ബിൽ നം.4/21.1.23) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ് സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.1 പ്രകാരം ജൈവ വളം, ഡോളോമൈറ്റ് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം ഡോളോമൈറ്റിന്റെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 10/-രൂപയാണ്. എന്നാൽ ഈ പദ്ധതിയിൽ KAICO യിൽ നിന്ന് ഡോളോമൈറ്റ് വാങ്ങിയത് 12/-രൂപ നിരക്കിലാണ് (ഇൻവോയ്സ് നം.Q-834/12.1.23). വിശദ വിവരം ചുവടെ ചേർക്കുന്നു.

ഡോളോമൈറ്റ് – 15033.40 Kg @12.51 = 1,79,047/- (5% GST ഉൾപ്പടെ) = 1,88,068/-

അനുവദിച്ച സബ്സിഡി = 75% 0f 1,88,068 = 1,41,051/-

യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം അനുവദനീയമായ നിരക്ക് – 15033.4 @10 + 5% GST = 1,57,851/-

അനുവദനീയമായ സബ്സിഡി നിരക്ക് = 75% 0f 1,57,851 = 1,18,388/-

അധികം അനുവദിച്ച സബ്സിഡി = 1,41,051 - 1,18,388 = 22,663/-

മേൽ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, ഉയർന്ന ലോറി വാടകയും കയറ്റിറക്ക് കൂലിയുമായി വലിയൊരു തുക KAICO ക്ക് ചെലവ് വന്നിട്ടുള്ളതിനാലും ഈ ചെലവ് വസൂലാക്കുവാൻ പദ്ധതിയിൽ വ്യവസ്ഥയില്ലാത്തതിനാലുമാണ് യൂണിറ്റ് കോസ്റ്റ് നിരക്കിനേക്കാൾ അധികം വില ക്വാട്ട് ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചത്.

ഈ മറുപടി പരിഗണനാർഹമല്ലാത്തതിനാൽ അധികമായി അനുവദിച്ച 22,663/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 3/26.9.23

നിരാകരിച്ച തുക – 22,663/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 26.09.2023 മുതൽ 27.09.2023 വരെ | കെ.എസ്.എ.കെ.എൽ.എം.പി.11/1757/23 തീയതി - 10.10.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 350000/- | ലൈഫ് (SCP) – 22/23 | 350000/- | 0 |
| | | 760000/- | ലൈഫ് (SCP) – 23/23 | 760000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | 640000/- | ലൈഫ് (SCP) – 166/23 | 640000/- | 0 |
| | | 600000/- | ലൈഫ് ജനറൽ –18/2023 | 600000/- | 0 |
| | | 200000/- | സാന്ത്വന പരിചരണം – 06/2023 | 200000/- | 0 |
| | | 199795/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 03/23 | 199795/- | 0 |
| | | 197274/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ –137/23 | 197274/- | 0 |
| | | 2947069/- | ആകെ | 2947069/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 149803/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 04/23 SCP | 149803/- | 0 |
| | | 43407/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 03/23 (ജനറൽ) | 43407/- | |
| | | 50000/- | ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 125/2023 | 50000/- | |
| | | 243210/- | ആകെ | 243210/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൊതുടാപ്പ് കണക്ഷൻ വിഛേദിക്കൽ (215/23) | 6/17.12.2022 | 2,42,466/- | - | 2,42,466/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDF വായ്പയിനത്തിൽ 42,60,000/-രൂപ വരവുണ്ട്. മുൻബാക്കി 1,20,000/- രൂപയടക്കം 43,80,000/-രൂപയിൽ 11,50,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പ | 80285/ DB1/13/ LSGD 16.01.2014 | 49,72,384/- | 7,96,884/- | 7,96,884/- | 1,40,000/- | - |
| KURDFC | | 42,60,000/- | 1,54,06,772/- | 24,37,084/- | | 1,72,29,688/- |

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,500/-രൂപ സോഷ്യൽ ഓഡിറ്റ് പ്രകാരം MGNREGS ൽ അടച്ച തുകയാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.11.5 | 2001-02 | 3.6 | ഹോമിയോ ഡിസ്പെൻസറി | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 2006-07 | 3.11.7 | 2002-03 | 3.15 | അംഗൻവാടി കെട്ടിട നിർമ്മാണം | ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായിട്ടുണ്ട്. |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-11 | 894/- | | ശ്രീമതി ജി എസ് സുനിത, സെക്രട്ടറി |
| 3-1 | | 11,440/- | ശ്രീമതി ദീപശ്രീ, വി.ഇ.ഒ |
| 3-2 | | 22,663/- | ശ്രീ ലിജു ജോൺ, |

| | | | |
|---|---|---|---|
| | | | കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 74,000/- | ഡോ.അജിത കുമാരി,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-15 | 4,50,502/- | ഡോ.അജിത കുമാരി,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-16 | 1,95,581/- | ഡോ.സോഫി.ആർ.ദാസ്,<br>മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-21 | 2,42,266/- | ശ്രീമതി ജി എസ് സുനിത, സെക്രട്ടറി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജി എസ് സുനിത,<br>സെക്രട്ടറി | സെക്രട്ടറി<br>മേലില ഗ്രാമ പഞ്ചായത്ത് | മൺതടത്തിൽ വീട്,<br>പകൽക്കുറി പി ഒ<br>തിരുവനന്തപുരം |
| ശ്രീമതി ദീപശ്രീ,<br>വി.ഇ.ഒ | വി.ഇ.ഒ<br>പട്ടാഴി ഗ്രാമ പഞ്ചായത്ത് | ശ്രീ നിലയം,<br>കുളക്കട പി ഒ<br>പൂവറ്റൂർ ഈസ്റ്റ് |
| ശ്രീ ലിജു ജോൺ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>മേലില ഗ്രാമ പഞ്ചായത്ത് | വി.എൽ വില്ല,<br>വിജയ നഗർ 157,<br>കൊട്ടാരക്കര പി ഒ |
| ഡോ.അജിത കുമാരി,<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി,<br>മേലില ഗ്രാമ പഞ്ചായത്ത് | ശ്രീപാർവതി,<br>പെരുംകുളം പി ഒ,<br>കൊട്ടാരക്കര |
| ഡോ.സോഫി.ആർ.ദാസ്,<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ<br>ഹോമിയോ<br>മേലില ഗ്രാമ പഞ്ചായത്ത് | സമൃദ്ധി എൻ ആർ എ-49,<br>നന്ദാവനം റോഡ്,<br>പാളയം,<br>വികാസ് ഭവൻ പി ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11/399(1)/23-2-18 | 1 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11/399(2)/23-2-18 | 3 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11/399(3)/23-2-18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി11/399(4)/23-2-18 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11/399(5)/23-2-18 | 6 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11/399(6)/23-2-18 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11/399(7)/23-2-18 | 8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11/399(8)/23-2-18 | 8 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11/399(9)/23-2-18 | 2 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11/399(10)/ തീയതി.23-2-18 | 8 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി11/738(1)/2019 തീയതി. 31.05.19 | 15 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി11/738(2)/2019 തീയതി. 31.05.19 | 12 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി11/738(3)/2019 തീയതി. 31.05.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി11/738(4)/2019 തീയതി. 31.05.19 | 8 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി11/738(5)/2019 തീയതി. 31.05.19 | 7 |
| 2011-12, 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2011-12 & 2012-13/501/22 (1) തീയതി. 19.08.22 | 18 |
| 2013-14, 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2013-14 & 2014-15/501/22 (2) തീയതി. 19.08.22 | 22 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 2015-16/501/22 (3) തീയതി. 19.08.22 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം. പി11/1544/2017/ തീയതി. 16.09.2017 | 12 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/1711/2018 തീയതി. 21.1.2019 | 14 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി11/429/2020 തീയതി. 20-05-2020 | 9 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി11/249/2022 തീയതി. 12-05-2022 | 12 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി11/1688/2021 തീയതി. 18-07-2022 | 17 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി11/2230/22 തീയതി. 27.03.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 01-07-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Melila Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Melila Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Melila Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit Ratios

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Plan SCP Fund Expenditure in AFS does not match with actual expenditure as per Sulekha Statement and ACR. Life Loan Deduction amount of Rs.361812/-not booked as expenditure in AFS.

4. KURDFC loan Outstanding balance amount shown as liability in Balancesheet does not match with Loan Register. Life Loan Deduction amount of Rs.361812/-is

not deducted from the Outstanding balance.
5. CFC Tied Fund balance does not match with actual fund balance as per cash book.
6. District Panchayath Block Panchayath Grant liability amount shown as liability in Balance sheet does not match with Treasury Joint venture Account opened for the specified grant account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്